No. CEE/2666/PGN-2021/TA3

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്)–2021 പ്രവേശനപരീക്ഷ തീയതി പ്രഖ്യാപിച്ചു.

2021–22 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്) കോഴ്സിന്റെ കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ 2022 ജനുവരി 9 (ഞായറാഴ്ച) രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും. പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ 16/12/2021 നകം ഓൺലൈൻ അപേക്ഷാ സമർപ്പണം പൂർത്തിയാക്കിയവർക്ക് മേൽപ്പറഞ്ഞ തീയതിയിൽ 2 മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള ഓൺലൈൻ പ്രവേശന പരീക്ഷ അഭിമുഖീകരിക്കുന്നതിന് അർഹതയുണ്ടായിരിക്കും. പ്രവേശന പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങളും, കൂടുതൽ വിവരങ്ങളും പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

എം.എസ്.സി നഴ്സിംഗ് കോഴ്സ് സംബന്ധിച്ച വിജ്ഞാപനങ്ങൾ, പ്രോസ്പെക്ടസ് എന്നിവയ്ക്ക് മേൽപ്പറഞ്ഞ വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.12.2021